ഉത്തരം

വിവിധ വകുപ്പുകളിലെ താത്കാലിക ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള 28-10-2014-ലെ G.O.(P) 466/2014/Fin. നമ്പർ ഉത്തരവിലെ ആനുകൂല്യം ഭാരതീയ ചികിത്സാ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാർക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. ഹോമിയോ വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

കാൻസർ രോഗികൾക്ക് ആനുകൂല്യങ്ങൾ

57 (4340) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ബാധിച്ച എത്ര രോഗികൾക്കാണ് നിലവിൽ രാഷ്ട്രീയ സ്വാസ്ഥീയ സുരക്ഷ പദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) മുഴുവൻ കാൻസർ രോഗികൾക്കും പ്രസ്തുത സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) രാഷ്ട്രീയ സ്വാസ്ഥീയ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ.), ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളിലൂടെ കാൻസർ രോഗികൾക്ക് കാൻസർ ചികിത്സാ ആനുകൂല്യം ലഭിക്കുന്നുണ്ട്.

ശാസ്ത്രീയ പരിശോധനയില്ലാതെ മാർക്കറ്റ് ചെയ്യുന്ന മരുന്നുകൾ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നം

58 (4341) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ ആശങ്കയുണ്ടാക്കുംവിധം നിരവധി രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള മരുന്നുകളെക്കുറിച്ചും ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകി മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം മരുന്നുകളും ഉൽപ്പന്നങ്ങളും കേരളത്തിൽ വിൽപ്പന നടത്താൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം മരുന്നുകൾക്കും ഉൽപ്പന്നങ്ങൾക്കും കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം മരുന്നുകൾക്കും ഉൽപ്പന്നങ്ങൾക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ശാസ്ത്രീയമായ പരിശോധനയില്ലാതെ മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്നുകൾ ജനങ്ങളിൽ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നം കണക്കിലെടുത്ത് ഇത്തരം പരസ്യങ്ങളും മരുന്ന വില്പനയും നിയമംമൂലം നിരോധിക്കാൻ തയ്യാറാകുമോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത് 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമപ്രകാരമാണ്. പ്രസ്തുത നിയമപ്രകാരം ഔഷധങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ള സാഹചര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ നിയമത്തിന് വിരുദ്ധമായി വ്യാജപരസ്യങ്ങൾ നൽകി മരുന്നുകളും ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(സി) 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന് വിരുദ്ധമായി ഔഷധങ്ങൾ വിപണനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന്റെ ലംഘനങ്ങൾക്ക് ആദ്യം ശിക്ഷയായി 6 മാസം തടവോ അല്ലെങ്കിൽ പിഴയോ രണ്ടുംചേർത്തോ നൽകാവുന്നതാണ്. തുടർന്നുള്ള ലംഘനത്തിന് ശിക്ഷയായി ഒരു വർഷം തടവോ അല്ലെങ്കിൽ പിഴയോ രണ്ടുംചേർത്തോ നൽകാവുന്നതാണ്. ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന്റെ ലംഘനത്തിന് സംസ്ഥാനത്ത് 113 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly